മിസ്റ്റർ പി. എ. മഹമ്മദ് അഷ്റഫ്: അദ്ധ്യാപകന്മാരെ ആരേയും നിയമിച്ചിട്ടില്ല എന്നു പറഞ്ഞു. അപ്പോൾ അവിടെ പഠനം തുടങ്ങിയിട്ടില്ലെ?

റാവു സാഹിബ് എ. മാധവപ്രഭു: പഠിപ്പു തുടങ്ങീട്ടുണ്ട്. പഴയ ആളുകൾതന്നെയാണ് പഠിപ്പിക്കുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എം. ഡി. നാരായണയ്യർതന്നെയാണോ ഈ മൂന്നു സെക്ഷനിലും പഠിപ്പിക്കുന്നതു്?

റാവു സാഹിബ് എ. മാധവപ്രഭു: ആരൊക്കെയാണ് ഓരോ ഡിവിഷനിലും പഠിപ്പിക്കുന്നതെന്നു നോട്ടീസ്സു കൂടാതെ പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഇതൊരു Full time Institution ആണോ?

റാവു സാഹിബ് എ. മാധവപ്രഭു: Full time ആണ്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: തീച്ചയുണ്ടൊ?

Rao Sahib A. Madhava Prabhu *(Chief Secretary to Government)*: That is my present information.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എൽ. ഇ. ഇ. പരീക്ഷ പാസ്സായിട്ടുള്ളവരെ ഉദ്യോഗത്തിന്നാവശ്യമുണ്ടെന്നു ഗവൺമെണ്ടു് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടൊ?

റാവു സാഹിബ് എ. മാധവപ്രഭു: പല ഉദ്യോഗങ്ങൾക്കും ആളെ ആവശ്യപ്പെട്ടുകൊണ്ടു പ്രസിദ്ധപ്പെടുത്തീട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എൽ. ഇ. ഇ. പരീക്ഷ പാസ്സായിട്ട് ഇപ്പോൾ ഉള്ളവരെ പറഞ്ഞയച്ചു് പുറമെനിന്നു വേറെ ആളെ വെക്കണമെന്നാണൊ ഉദ്ദേശം?

റാവു സാഹിബ് എ. മാധവപ്രഭു: അവിടെയുള്ളവരെ പറഞ്ഞയക്കണമെന്നുദ്ദേശമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതു ഒരു Technical institution ആയി നടത്തണമെന്നുണ്ടെങ്കിൽ സിവിൽ ആയിരുന്നപ്പോൾ ഉണ്ടായിരുന്നവരിൽ പരീക്ഷായോഗ്യതയുള്ളവരുണ്ടെങ്കിൽ അവരെ അവിടെ അദ്ധ്യാപകന്മാരായി നിയമിക്കുവാൻ ഗവൺമെണ്ടു് സദ്ധ്യം ശ്രമിക്കുമൊ?

റാവു സാഹിബ് എ. മാധവപ്രഭു: ശ്രമിക്കുന്നുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഒരാൾ അവിടെ ഉണ്ടെങ്കിൽ ബാക്കിയുള്ള നിയമനങ്ങളിൽ അദ്ദേഹത്തിന്റെ സ്വന്തക്കാരേയും സ്വജാതിക്കാരേയും തന്നെ നിയമിക്കാതിരിക്കുവാൻ ശ്രമിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തീച്ചയായും ശ്രമിക്കാം.

WORK IN THE OFFICES OF THE REVENUE TAHSILDARS

231. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം പറപടി പറയുമോ —

(എ) ഓരോ താലൂക്കിലുമുള്ള റവന്യു താസിൽദാർമാരുടെ ഔദ്യോഗിക ജോലി കഴിഞ്ഞ അഞ്ചു കൊല്ലമായിട്ടു ഓരോരുത്തരെകൊണ്ടു ശരിയാംവണ്ണം ചെയ്യുവീക്കാൻ സാദ്ധ്യമല്ലാത്തവിധം വർദ്ധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ ജോലി തൃപ്തികരമായി ചെയ്യിക്കാൻ ഗവൺമെണ്ടു് എന്തു നടപടി എടുത്തിട്ടുണ്ടു്;

(സി) ഓരോ താസിൽദാർമാരുടേയും ആപ്പീസ്സിൽ ആറു മാസവും ഒരു കൊല്ലവും അതിൽ കൂടുതൽ കാലവും pending ഇരിക്കുന്ന ഫയൽസ് എത്ര?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) കൊടുങ്ങല്ലൂർ താലൂക്കു ഒഴിച്ചു ബാക്കി എല്ലാ താലൂക്കുകളിലും ജോലി വർദ്ധിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊച്ചികണയന്നൂർ താലൂക്കിൽ കൂടുതലായി ഒരു താസിൽദാരെ നിയമിച്ചിട്ടുണ്ട്.

(സി)

താലൂക്ക്	മാസം	കൊല്ലം	കൊല്ലത്തിൽ കൂടുതൽ
കൊച്ചികണയന്നൂർ	൧,൫൯ ൦	൧൭൫	൯൫൭
മുകുന്ദപുരം	൧,൩൭൧൫	൩൫൭	൧൯൯
തൃശ്ശിവപേരൂർ	൫൫൯	൮൮൫	൮൮൫
തലപ്പിള്ളി	൧,൧൦൫	൧൦൮	൫൦൧
ചിറ്റൂർ	൧൯൧	൧൦൫	൫൭
കൊടുങ്ങല്ലൂർ	൫൭൫	൫൩	൭൩

മിസ്റ്റർ കെ. എസ്സ്". പണിക്കർ: കൊടുങ്ങല്ലൂർ താലൂക്കൊഴികെ മറെറല്ലാ താലൂക്കുകളിലും ജോലി വർദ്ധിച്ചിട്ടുണ്ടെങ്കിലും കൊച്ചികണയന്നൂർ താലൂക്കിൽ മാത്രമേ ഒരു താസിൽദാരെ നിയമിച്ചിട്ടുള്ളൂ. അതെന്തുകൊണ്ടാണ്"?

റാവു സാഹിബ്" എ. മാധവപ്രഭു: അതു" ഇന്നല്ല, യുദ്ധം തുടങ്ങിയ ഉടനെ ൧൯൧൭-ൽ തന്നെ വളരെയധികം ജോലി കൂടുതലായിക്കണ്ടു. അന്നു പേറെ ഒരാളെക്കൂടി additional ആയി വെച്ചു. അതല്ലാത്തപക്ഷം ഇന്നത്തേക്കാൾ കൂടുതൽ arrears ഉണ്ടാകുമായിരുന്നു.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: പല ഡിപ്പാർട്ടുമെണ്ടുകളും വർദ്ധിച്ചതുകൊണ്ടല്ലെ ടഷറിയിൽ ജോലി വർദ്ധിച്ചതു"; അതോടുകൂടി തന്നെയാണോ താലൂക്കിലും ജോലി വർദ്ധിച്ചതു"?

റാവു സാഹിബ്" എ. മാധവപ്രഭു: War വന്നപ്പോൾ സകല ഡിപ്പാർട്ടുമെണ്ടുകളിലും ജോലി വർദ്ധിച്ചു. അതോടുകൂടി താലൂക്കിലും ജോലി വർദ്ധിച്ചു.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: ടഷറിയിലെ ജോലി Finance ഡിപ്പാർട്ടുമെണ്ടിലേക്ക് എല്പിച്ചു കൊടുക്കാൻ വിരോധമുണ്ടോ?

റാവു സാഹിബ്" എ. മാധവപ്രഭു: ഇവിടെ ടഷറിയെ സംബന്ധിച്ചല്ല പറയുന്നതു"; താലൂക്കിലെ ജോലിയെപ്പററിയാണു".

മിസ്റ്റർ പി. എ. മഹമ്മദ് അഷറഫ്": കണയന്നൂരിൽ അവക്ക് വേണ്ട സ്റ്റാഫ് കൊടുത്തിട്ടുണ്ടോ?

റാവു സാഹിബ്" എ. മാധവപ്രഭു: ഓരോ തവണയും inspection സമയത്തു് ആവശ്യപ്പെടാവുള്ള Staff കൊടുത്തുപോരുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ ബുദ്ധിമുട്ട് duel control കൊണ്ട് ഉണ്ടായതാണെന്നു് ഗവൺമെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

റാവു സാഹിബ്" എ. മാധവപ്രഭു: തീച്ചയായിട്ടും duel control കൊണ്ടല്ല.

മിസ്റ്റർ പി. കെ. ഡീവർ: കൊച്ചികണയന്നൂർ താലൂക്കാപ്പീസ്സ് രണ്ടായി തിരിക്കുവാൻ ഭാവമുണ്ടോ?

റാവു സാഹിബ്" എ. മാധവപ്രഭു: ആലോചനയുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: കൊച്ചികണയന്നൂർ താലൂക്കു് രണ്ടായി ഭാഗിക്കാൻ ആലോചനയുണ്ടെന്നു പറഞ്ഞുവല്ലൊ. അതു് എന്നേക്കു് നടപ്പാകും?

റാവു സാഹിബ്" എ. മാധവപ്രഭു: അതു വരുന്ന കൊല്ലത്തിൽ നടത്തണമെന്നാണു് വിചാരിച്ചിട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ duel control നല്ലതാണെന്നു് തീർച്ചയാക്കിയിട്ടു് എത്ര കാലമായി?

റാവു സാഹിബ്" എ. മാധവപ്രഭു: ആദ്യംമുതലുള്ള തീപ്പ്രതാണു്. We have come to same conclusion.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ കാര്യം ഇങ്ങിനെ ഉറപ്പിച്ചതെന്നാണു"?

റാവു സാഹിബ്" എ. മാധവപ്രഭു: രണ്ടു് കൊല്ലത്തോളമായി.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇനി ഒന്നുകൂടി ആലോചിച്ചു മന്നിലൊ ദിവാൻ പെഷ്കാരുടെ കീഴിൽ, അല്ലെങ്കിൽ കൺടോളരുടെ കീഴിൽ—ആരുടെ കീഴിലായാലും

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumhrvn Ezhuthassan]

വിരോധമില്ല—ഏതെങ്കിലും ഒരു വകുപ്പിന്റെ കീഴിലാക്കി ഈ duel control കൂടാതെ കഴിക്കാൻ നോക്കാമോ?

റാവു സാഹിബ്ബ് എ. മാധവപ്രഭു: ഒന്നാമതായി ടഷറി transaction-ം താലൂക്ക് transaction-ം വേറെയാകയാൽ ഇതിനെ സംബന്ധിച്ചുള്ള ബന്ധത്തിന്റെ question ഇല്ല. അതുകൊണ്ട് ഇതിനെപ്പറ്റി answer ചെയ്യേണ്ട ആവശ്യമില്ല. എങ്കിലും ബഹുമാനപ്പെട്ട ചെയർ അനുവദിക്കുകയാണെങ്കിൽ ഞാൻ വിശദീകരിക്കാം. ഇതിനെക്കുറിച്ചുള്ള principle ആലോചിക്കുകയാണെങ്കിൽ duel control തന്നെ വേണ്ടതാണ്.

The collection and the writing and the maintenance of the accounts must be with one department. The check as to whether all the collections and payments have been properly made and whether the accounts have been properly maintained is the work of another department. If these two are merged, a proper control of the collections and the maintenance of accounts will not be secured. That is the basis of the functions being attented to by 2 different departments. If this principle is to be given the go-by and one section may collect money and maintain accounts and audit the accounts, it may be done. But it is considered that this double control is the best for the safety of public money and public accounts.

മിസ്റ്റർ പി. ടി. ജേക്കബ്: Pending Files എത്ര ശതമാനം കാണും?

റാവുസാഹിബ്ബ് എ. മാധവപ്രഭു: നോട്ടീസ്സുവേണം.

മിസ്റ്റർ പി. ടി. ജേക്കബ്: അതു് എപ്പോഴെങ്കിലും ഒന്നു് പറയാമോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: അതു് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

PANDIKUDI-CHELLANAM ROAD WORKS—DETAILS REGARDING

232. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് ദയവായി മറുപടി പറയുമോ.—

പാണ്ടിക്കുടി-ചെല്ലാനം റോഡു പണി എത്രത്തോളമായി; അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ അതിന്നായി എത്ര സംഖ്യ കൊള്ളിച്ചിട്ടുണ്ടു്; അതിന്റെ പണി മുഴുവനാകാൻ ഇനി എത്ര കൊല്ലങ്ങൾ വേണ്ടിവരും?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ:

സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുവരുന്നുണ്ടു്. എസ്റ്റിമേറ്റ് പാസ്സായികഴിഞ്ഞിരിക്കുന്നു. സ്ഥലം കൈവശം കിട്ടിയാൽ ഉടനെ റോഡുപണി ആരംഭിക്കുന്നതാണു്. ഈ പണിക്കുള്ള സംഖ്യ റോഡു് ബോർഡു് പദ്ധതിപ്രകാരമുള്ള പണികൾക്കു നീക്കിവെച്ചിട്ടുള്ള സംഖ്യയിൽ കൊള്ളിച്ചിട്ടുണ്ടു്. സ്ഥലം കൈവശം കിട്ടികഴിഞ്ഞുണ്ടു് കൊല്ലംകൊണ്ടു് പണി അവസാനിക്കുന്നതാണു്.

ചൌധരി ജി. എസ്സ്. ധാരാസിങ്ങ്: ഫൈനലായിട്ടു് അക്വയർചെയ്തു കഴിഞ്ഞുവോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: കഴിഞ്ഞിരിക്കും.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അതിനുള്ള നടപടി എടുത്തുവോ? എത്രത്തോളമായി?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അവസാനിക്കാറായി.

ACCIDENTS AT THE TRICHUR POORAM FIRE WORKS

233. മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഇത്തവണ തൃശ്ശിവപേരൂർ പൂരം പ്രമാണിച്ചുണ്ടായ വെടിക്കെട്ടുമത്സരത്തിൽ എത്രപേർ മരിച്ചു; എത്രപേർക്കു പരുക്കേറ്റു;

(ബി) വെടിക്കെട്ടു സംബന്ധിച്ചു് കഴിഞ്ഞ മൂന്നു വത്സരങ്ങളായി എത്ര പേർ മരിച്ചിട്ടുണ്ടു; എത്രപേർക്കു് പരുക്കേറ്റിട്ടുണ്ടു്;

(സി) ഈ അത്യാഹിതങ്ങളുടെ കാരണങ്ങളെ സംബന്ധിച്ചു് ഗവൺമെണ്ടു് എന്തെങ്കിലും അന്വേഷണം നടത്തി നടപടികൾ എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly